## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 436 — 29.06.2015-ലെ മറുപടിയ്ക്ക്

## വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) പൊതുമാർക്കറ്റിലെ അനിയന്ത്രിത വിലക്കയറ്റം തടയുന്നതിനായി സഹകരണമേഖല മുഖേന സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) പൊതുമാർക്കറ്റിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും വിലവർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണനം നടത്തുന്നതിന് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്കും മായം കലർത്താതെയും ഉപഭോക്താവിന് ലഭിയ്ക്കുന്നതിനായി കൺസ്യൂമർ ഫെഡ് ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് വിലകുറച്ച് ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തൊട്ടാകെ നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയിലൂടെ വർഷം മുഴുവൻ കുറഞ്ഞ നിരക്കിൽ (പൊതുവിപണിയിൽ നിന്നും 20 ശതമാനത്തോളം) |

സാധനങ്ങൾ ലഭ്യമാക്കിവരുന്നു. കൂടാതെ ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവയിലൂടെ സാധാരണക്കാർക്ക് ലഭ്യമാക്കിവരുന്നു.

(സി) സംസ്ഥാനത്ത് എത്ര നന്മസ്റ്റോറുകൾ ആരംഭിക്കുന്നതിനായിരുന്നു നടപടികൾ തുടങ്ങിയത് ; ആയത് പ്രവർത്തനം തുടങ്ങിയോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാന കൺസ്യൂമർ ഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 869 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം 1311 നന്മ സ്റ്റോറുകളും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുകയും അപ്രകാരം ടി 2180 നന്മ സ്റ്റോറുകൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 806 സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം പ്രവർത്തിപ്പിക്കുന്ന 751 സ്റ്റോറുകളും ഉൾപ്പെടെ 1557 നന്മ സ്റ്റോറുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്.

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ അനുവദിക്കപ്പെട്ട നന്മസ്റ്റോറിന്റെ പ്രവർത്തനം തുടങ്ങിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ ?

(ഡി) ഒറ്റപ്പാലം മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ അനുവദിക്കപ്പെട്ട നന്മ സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. 2012 ജൂലായ് 9 ന് പ്രസ്തുത സ്റ്റോറിന്റെ ഉത്ഘാടനം നടത്തുന്ന തീയതിക്കു തൊട്ടുമുമ്പായി പ്രാദേശികമായ ചില ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുകയും തുടർന്ന് നിർദ്ദിഷ്ട തീയതിയിൽ നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത

സാഹചര്യം
സംജാതമാകുകയും
ചെയ്തിരുന്നു. തൻസ്ഥിതി
തുടർന്നതിനാൽ സ്റ്റോർ
ആരംഭിക്കുന്നതിന്
സജ്ജീകരിച്ച സംവിധാനങ്ങൾ
ഉപയോഗശൂന്യമായി.
നന്മ സ്റ്റോറുകളുടെ പ്രവർത്തനം
ഫെഡറേഷന് വമ്പിച്ച നഷ്ടം
വരുത്തിവച്ച സാഹചര്യത്തിൽ
നിലവിലുള്ള സാമ്പത്തിക
മാന്ദ്യം പരിഗണിച്ച് പുതുതായി
നന്മ സ്റ്റോറുകൾ
ആരംഭിക്കേണ്ടതില്ല എന്ന
കൺസ്യൂമർഫെഡ് തീരുമാനം
നിലവിലുള്ളതിനാൽ
പൂക്കോട്ടുകാവിൽ നന്മ സ്റ്റോർ
ആരംഭിക്കുന്ന കാര്യം ഇപ്പോൾ
പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ